**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1851** — **31-08-2022 - ൽ മറുപടിയ്ക്ക്**

**കുണ്ടറ മണ്ഡലത്തിലെ ഫിഷറീസ് പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ പി സി വിഷ്ണുനാഥ് | | ശ്രീ. വി. അബ്ദുറഹിമാൻ<br>(മത്സ്യബന്ധനം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി) | |
| (എ) | 2020-21 സാമ്പത്തിക വർഷം മുതൽ കുണ്ടറ നിയോജകമണ്ഡലത്തിൽ കേന്ദ്ര/ സംസ്ഥാന ഫണ്ട് ഉപയോഗിച്ച് ഫിഷറീസ് വകുപ്പ് നടത്തിവരുന്ന പ്രവൃത്തികൾ ഏതൊക്കെയെന്ന് വ്യക്തമാക്കാമോ; | (എ) | വിശദാംശം അനുബന്ധമായി ചേർക്കുന്നു. |
| (ബി) | പ്രസ്തുത പ്രവൃത്തികളിൽ കേന്ദ്ര/സംസ്ഥാന പദ്ധതികൾ ഏതൊക്കെയെന്നും അനുവദിച്ചിട്ടുള്ള തുക എത്രയെന്നും തരം തിരിച്ച് വിശദാംശം നൽകാമോ? | (ബി) | വിശദാംശം അനുബന്ധമായി ചേർക്കുന്നു |

സെക്ഷൻ ഓഫീസർ

## അനുബന്ധം

## I. കൊല്ലം ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ ഓഫീസ് മുഖേന നടത്തി വരുന്ന പദ്ധതികൾ

കേന്ദ്ര/സംസ്ഥാന ഫണ്ട് ഉപയോഗിച്ച് ഉൾനാടൻ മത്സ്യകൃഷി പദ്ധതികളായ സുഭിക്ഷകേരളം ജനകീയ മത്സ്യകൃഷി പദ്ധതി (2020-21), സുഭിക്ഷകേരളം ജനകീയ മത്സ്യകൃഷി (2021-22), പി.എം.എം.എസ്.വൈ എന്നീ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്.

## II. സാഫ്, കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ, ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് എന്നിവ മുഖേന നടപ്പിലാക്കിവരുന്ന പ്രവൃത്തികൾ

1. സാഫ്

സൊസൈറ്റി ഫോർ അസിസ്റ്റൻസ് ടു ഫിഷർവിമെൻ (സാഫ്) മുഖേന സംസ്ഥാന ഫണ്ട് ഉപയോഗിച്ച് കുണ്ടറ നിയോജക മണ്ഡലത്തിൽ നടപ്പിലാക്കിയ പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു.

**(a) അഷ്ടമുടി രണ്ടാം ഘട്ടം – അപ്പാരൽ പാർക്ക്**

കൊല്ലം ജില്ലയിലെ കുണ്ടറ മഹിളാ പവർലൂം സൊസൈറ്റി വക കെട്ടിടത്തിൽ കുണ്ടറ നിയോജക മണ്ഡലത്തിലെ വിവിധ പഞ്ചായത്തുകളിൽ നിന്നുള്ള 48 ഉൾനാടൻ മത്സ്യതൊഴിലാളി വനിതകളെ ഉൾക്കൊള്ളിച്ചുകൊണ്ട് 12 ടെയ്ലറിംഗ് & ഗാർമെന്റ്സ് യൂണിറ്റുകളുടെ അപ്പാരൽ കൺസോർഷ്യം പ്രവർത്തിച്ചുവരുന്നു. കൺസോർഷ്യം യൂണീറ്റുകൾക്ക് 3 ലക്ഷം രൂപ (80 %) വീതമാണ് ഗ്രാന്റ് അനുവദിച്ചിട്ടുള്ളത്. ബാക്കി വരുന്ന 15% ബാങ്ക് ലോണും, 5% ഗുണഭോക്തൃവിഹിതവുമാണ്. അപ്പാരൽ കൺസോർഷ്യത്തിന് മാർജിൻ മണി അസിസ്റ്റൻസ് ആയി അനുവദിച്ച 15 ലക്ഷം രൂപ സെക്യൂരിറ്റി ഡെപ്പോസിറ്റ് ആയി നിലനിർത്തിക്കൊണ്ട് 30 ലക്ഷം രൂപ വരെ പ്രവർത്തന മൂലധനമായി ലോൺ കൺസോർഷ്യത്തിന് അനുവദിച്ച് കിട്ടിയിട്ടുണ്ട്. ഗുണഭോക്താക്കൾക്ക് എ.റ്റി.ഡി.സി മുഖേന സ്കിൽ ട്രെയിനിംഗ് നൽകുകയും ചെയ്തു. കൊവിഡ് 19 മൂലം പ്രതിസന്ധിയിൽ ആയിരുന്ന ടി സ്ഥാപനം വിവിധ ടെക്സ്റ്റൈൽ സ്ഥാപനങ്ങളിൽ നിന്നും ഓർഡറുകൾ സ്വീകരിച്ചു അവ കൃത്യമായി ചെയ്തു വരുന്നു. ഇതോടൊപ്പം യൂണിറ്റ് സ്വന്തമായി തന്നെ തുണിത്തരങ്ങൾ തുന്നി ഹോൾ സെയിൽ വിലയ്ക്കും റിട്ടെയിൽ വിലയ്ക്കും വിപണിയിൽ എത്തിക്കുന്നു. NTS KUNDARA എന്ന ബ്രാൻഡിൽ അപ്പാരൽ പാർക്കിന്റെ ഉൽപ്പന്നങ്ങൾ ഫ്ലിപ് കർട്ടിൽ ഓൺലൈൻ മാർക്കറ്റിംഗിൽ എത്തിക്കുന്നതിന് സാധിച്ചു.

**(b) ചെറുകിട തൊഴിൽ സംരംഭങ്ങളുടെ വികസനം**

മത്സ്യത്തൊഴിലാളി വനിതകളെ ഉൾപ്പെടുത്തി വിവിധതരത്തിലുള്ള ചെറുകിട തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനായി 5 പേരടങ്ങുന്ന ഒരു യൂണിറ്റിന് 5 ലക്ഷം രൂപ (ഒരംഗത്തിന് ഒരു ലക്ഷം) വരെ ഗ്രാൻറ് അനുവദിക്കുന്നു. പദ്ധതി തുകയുടെ 75 ശതമാനം ഗ്രാൻറും 20 ശതമാനം ബാങ്ക് ലോണും 5 ശതമാനം ഗുണഭോക്തൃവിഹിതവും ആണ്. കുണ്ടറ നിയോജക മണ്ഡലത്തിൽ ചെറുകിട തൊഴിൽ സംരംഭങ്ങളുടെ വികസനം പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കിയ പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു.

**ചെറുകിട തൊഴിൽ സംരംഭങ്ങൾ**

| നം | ആക്ടിവിറ്റി | ഗ്രൂപ്പുകളുടെ എണ്ണം | ഗുണഭോക്താക്കളുടെ എണ്ണം | അനുവദിച്ച ഗ്രാന്റ് (ലക്ഷത്തിൽ) |
|---|---|---|---|---|
| 1 | ടെയ്‌ലറിംഗ് & ഗാർമെന്റ്സ് | 1 | 3 | 3 |
| 2 | ഫിഷ് & ഫിഷ് പ്രൊസസിംഗ് | 2 | 4 | 4 |
| 3 | പ്രൊവിഷൻ സ്റ്റോർ | 3 | 7 | 7 |
| 4 | കമ്പ്യൂട്ടർ സെൻറർ | 2 | 4 | 4 |
| 5 | മിൽ | 1 | 3 | 3 |
| | ആകെ | 9 | 21 | 21 |

**വർക്കിംഗ് ക്യാപിറ്റൽ റിവോൾവിംഗ് ഫണ്ട്**

| നം | ആക്ടിവിറ്റി | ഗ്രൂപ്പുകളുടെ എണ്ണം | ഗുണഭോക്താക്കളുടെ എണ്ണം | അനുവദിച്ച ഗ്രാന്റ് (ലക്ഷത്തിൽ) |
|---|---|---|---|---|
| 1 | ടെയ്‌ലറിംഗ് & ഗാർമെൻറ് സ് | 5 | 14 | 1.60 |
| 2 | പ്രൊവിഷൻ സ്റ്റോർ | 3 | 8 | 0.60 |
| 3 | കാറ്ററിംഗ് | 1 | 4 | 0.10 |
| 4 | തീരമാവേലി കമ്മ്യൂണിറ്റി പ്രൊവിഷൻ സ്റ്റോർ | 1 | 2 | 0.40 |
| | **ആകെ** | **10** | **28** | **2.70** |

**ടെക്നോളജി ഇംപ്രൂവ്മെന്റ്**

| നം | ആക്ടിവിറ്റി | ഗ്രൂപ്പുകളുടെ എണ്ണം | ഗുണഭോക്താക്കളുടെ എണ്ണം | അനുവദിച്ച ഗ്രാന്റ് (ലക്ഷത്തിൽ) |
|---|---|---|---|---|
| 1 | ടെയ്ലറിംഗ് & ഗാർമെൻറ് സ് | 1 | 2 | 0.25 |
| | **ആകെ** | **1** | **2** | **0.25** |

2. <u>കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ</u>

കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന 2020-21 സാമ്പത്തിക വർഷം മുതൽ കുണ്ടറ നിയോജക മണ്ഡലത്തിൽ നടപ്പിലാക്കി വരുന്ന പ്രവൃത്തികൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പദ്ധതി | അടങ്കൽ തുക (കോടി) | നിലവിലെ അവസ്ഥ |
|---|---|---|---|
| | **സംസ്ഥാന ഫണ്ട്** | | |
| 1 | പെരിനാട് ആയുർവേദ ഹോസ്പിറ്റൽ പുതിയ കെട്ടിട നിർമ്മാണം | 1.98 | പദ്ധതി പൂർത്തീകരിച്ചു |
| 2 | പേരയം പി.എച്ച്.സി. പുതിയ കെട്ടിടം | 1.68 | പദ്ധതി പൂർത്തീകരണ ഘട്ടത്തിൽ |
| 3 | എം.വി.ജി. എൽ.പി.എസ്. പേരൂർ പുതിയ കെട്ടിടം | 2.89 | പദ്ധതി **40%** പൂർത്തീകരിച്ചു |
| | **കിഫ്ബി ഫണ്ട്** | | |
| 4 | ജി.യു.പി.എസ്. എളമ്പല്ലൂർ പുതിയ കെട്ടിടം | 1.86 | പദ്ധതി **75%** പൂർത്തീകരിച്ചു |
| 5 | ജി.എച്ച്.എസ്. കേരളപുരം പുതിയ കെട്ടിടം | 2.10 | പ്രവൃത്തിയ്ക്കായി കരാറിൽ ഏർപ്പെട്ടെങ്കിലും കെട്ടിടത്തിന്റെ ലൊക്കേഷനിൽ സ്കൂൾ പിടിഎ യുടെ നിർദ്ദേശം അനുസരിച്ച് മാറ്റം വന്നതിനാൽ എസ്റ്റിമേറ്റ് പുതുക്കി തയ്യാറാക്കി വരുന്നു. |
| 6 | ആലുംമൂട് മത്സ്യമാർക്കറ്റ് | 1.678 | കിഫ്ബി അംഗീകാരം ലഭ്യമായിട്ടുണ്ട്. ലഭ്യമായ ഫണ്ടിംഗ് തുക ലോൺ ആകയാൽ 22/02/22 ലെ കൗൺസിൽ തീരുമാനപ്രകാരം തിരച്ചടവ് പഞ്ചായത്തിന് സാമ്പത്തിക ബുദ്ധിമുട്ട് വരുത്തുമെന്നും ആകയാൽ പ്രവൃത്തി ഏറ്റെടുക്കുവാൻ താത് പര്യമില്ലായെന്നും പഞ്ചായത്ത് അറിയിച്ചിരുന്നു. എന്നാൽ ജനപ്രതിനിധികളുടെ അഭ്യർത്ഥന പരിഗണിച്ചുകൊണ്ട് ഫണ്ടിംഗ് അനുമതി ഗ്രാന്റ് ആയി കണക്കാക്കാവുന്നതാണെന്ന് കിഫ്ബി 04.08.2022-ലെ കത്തിൽ അറിയിച്ചിട്ടുണ്ട്. ഇതുപ്രകാരം പഞ്ചായത്തിന് |

| | | | |
|---|---|---|---|
| | | | കത്ത് നൽകിയിട്ടുണ്ട്. ആയതിന്റെ തീരുമാനം പ്രതീക്ഷിക്കുന്നു. |

### 3. ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ്

2020–21 സാമ്പത്തിക വർഷം മുതൽ കുണ്ടറ നിയോജക മണ്ഡലത്തിൽ സംസ്ഥാന ഫണ്ട് ഉപയോഗിച്ച് ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് മുഖേന നടത്തിവരുന്ന പ്രവൃത്തികളുടെ വിശദാംശം ചുവടെ ചേർക്കുന്നു. കേന്ദ്ര ഫണ്ട് ഉപയോഗിച്ച് നടപ്പാക്കുന്ന പദ്ധതികൾ ഇപ്പോൾ നിലവിലില്ല.

**സംസ്ഥാന പദ്ധതികൾ**

| SL No. | Name of Road | AS Details | Amount (in Rs.) |
|---|---|---|---|
| 1 | Mannoor mukku - Peroor temple Thekkedathu road in Kottankara grama panchayath | GO(Rt) No.275/2020/F&PD, dtd 22.05.2020 | 75,90,000/- |
| 2 | Ramankunnu-kollurkkonam-pariharakkodu colony-mulavana road in kundara Gramapanchayath in ward No.2 | GO(Rt) No. 275/2020/F&PD, dtd 22.05.2020. | 33,40,000/- |
| 3 | Kumbalam Bus stand-Mooppanthodi poyka road in Perayam Grama panchyath in Ward No. 4&5. | GO(Rt) No. 492/2020/F&PD, dtd: 08.09.2020 | 22,80,000/- |
| 4 | Radio Jn-Kochalmmodu road | GO(Rt) No.529/2020/F&PD, dtd: 27.09.2020 | 1,08,60,000/- |
| 5 | Steel wire plant panayam kode Anjeri ela kilithattu vila pilla veedukavu-Thenkayam road in kundara panchayath in Ward No.8 | GO(Rt)No.527/2020/F&PD, dtd: 25.09.2020. | 1,66,50,000/- |
| 6 | Karikkuzhi palli-kumbalam Pakras vaidyan Jn. Road in Perayam Grama Panchayath | GO(Rt)No. 491/2020/F&PD, dtd:07.09.2020 | 33,30,000/- |
| 7 | Mathinur Mankuzhi road in perinadu Gramapanchayath in Ward No.11 | GO(Rt) No.517/2020/F&PD, dtd: 17.09.2020 | 52,40,000/- |
| 8 | Mamoodu-Vayanasala road in Kottamkara grama panchayath | GO(Rt) No.517/2020/F&PD, dtd: 17.09.2020 | 1,75,00,000/- |
| 9 | Vetenarary hospital jn. Nandirikkal church, TCM jn road in Perinadu Grama Panchayath | GO(Rt) No. 517/2020/F&PD, dtd: 17.09.2020 | 1,90,00,000/- |

| | | | |
|---|---|---|---|
| 10 | Upgradation of coastal road from Perumpuzha Veterinary hospital junction to Echadimukku road in ward No. 11,12,13 of Elamballoor grama panchayath in Kundara LAC | eeklm/2021/10; dtd: 11.02.2021 | 1,75,90,000/- |
| 11 | Upgradation of coastal roads in Kollam District - Improvement of road from Kapex Juction kumbelil kuzhiyam Vanchimukku road of Perinadu Gramapanchayath | eeklm/2019/1069; dated: 11.02.2021 | 41,60,000/- |
| 12 | Upgradation of Coastal road from Edappanthodu Ela rokovilvattom Gramapanchayath in Kundara LAC in Kollam District | eeklm/2021/76; dated: 12.02.2021 | 36,20,000/- |
| 13 | Upgradation of coastal road from Pakisthanmukk-Palamoodu road in Ward No. 14 of Nedumpana Grama panchayath in Kundara LAC in Kollam District | eeklm/2021/20; dated: 12.02.2021 | 58,90,000/- |
| 14 | Upgradation of coastal roads from Nellivila pallikkamukk NSS karayogam puthiya veed thod road in ward No. 13 of Kundara Grama panchayath in Kundara LAC | eeklm/2021/21; Dated: 12.02.2021 | 38,60,000/- |
| 15 | Upgradation of coastal roads from Madankavu to Tengvila palli to kalluvila and pynumood kochvila | eeklm/2021/69; Dated: 12.02.2021 | 48,00,000/- |

**കൊല്ലം ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടറാഫീസ് മുഖേന കുണ്ടറ മണ്ഡലത്തിൽ അനുവദിച്ചിട്ടുള്ള കേന്ദ്ര / സംസ്ഥാന പദ്ധതികളും അനുവദിച്ചിട്ടുള്ള തുകയുടെ വിശദാംശങ്ങളും ചുവടെ ചേർക്കുന്നു**.

| 2020–21 | | | | | |
|---|---|---|---|---|---|
| ക്രമ നം. | പ്രോജക്ട് | | പദ്ധതി | യൂണിറ്റ്/സെന്റ് | ചെലവ് (രൂപ) |
| 1 | പി.എം.എം.എസ്.വൈ (സെൻട്രൽ) | 1 | റീ സർക്കുലേറ്ററി അക്വാകൾച്ചർ സിസ്റ്റം | 2 | 900000 |
| 2 | സുഭിക്ഷകേരളം (സ്റ്റേറ്റ്) | 1 | പടുതാക്കുളം | 22 | 360800 |
| | | 2 | ബയോഫ്ലോക്ക് യൂണിറ്റ് | 14 | 257600 |
| 3 | ജനകീയ മത്സ്യകൃഷി | 1 | ശുദ്ധജല കുട്ടകൃഷി | 4 | 512000 |
| | | 2 | ഓരുജല കുട്ടകൃഷി | 20 | 2800000 |

| | | | | | |
|---|---|---|---|---|---|
| | | 3 | സയന്റിഫിക് കാർപ്പ് | 75 | 60000 |
| 2021–22 | | | | | |
| 1 | പി.എം.എം.എസ്.വൈ | 1 | ഓരുജലം | 7 | 651600 |
| | | 2 | അലങ്കാര മത്സ്യം | 2 | |
| 2 | സുഭിക്ഷകേരളം ജനകീയ മത്സ്യകൃഷി | 1 | ഓരുജല കൂട്കൃഷി | 9 | 698400 |
| | | 2 | സയന്റിഫിക് കാർപ്പ് കൃഷി | | 5088 |
| | | 3 | ശുദ്ധജല കൂട്കൃഷി | 5 | 368000 |
| | | 4 | ബയോഫ്ലോക്ക് | 1 | 220000 |
| | | 5 | റീ സർക്കുലേറ്ററി അക്വാകൾച്ചർ സിസ്റ്റം | 1 | 48000 |

കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേനയുള്ള പ്രവൃത്തികളിൽ കേന്ദ്ര/സംസ്ഥാന പദ്ധതികൾ ഏതൊക്കെയെന്നും അനുവദിച്ചിട്ടുള്ള തുക എത്രയെന്നും തരം തിരിച്ച് ചുവടെ ചേർക്കുന്നു.

| ക്രമ നം. | പദ്ധതി | കേന്ദ്ര/സംസ്ഥാന പദ്ധതി | അനുവദിച്ച തുക (കോടി) |
|---|---|---|---|
| **1** | പെരിനാട് ആയുർവേദ ഹോസ്പിറ്റൽ പുതിയ കെട്ടിട നിർമ്മാണം | സംസ്ഥാന പദ്ധതി | 1.98 |
| **2** | പേരയം പി.എച്ച്.സി. പുതിയ കെട്ടിടം | സംസ്ഥാന പദ്ധതി | 1.68 |
| **3** | എം.വി.ജി.എൽ.പി.എസ്. പേരൂർ പുതിയ കെട്ടിടം | സംസ്ഥാന പദ്ധതി | 2.89 |
| **4** | ജി.യു.പി.എസ്. എളമ്പല്ലൂർ പുതിയ കെട്ടിടം | കിഫ്ബി പദ്ധതി | 1.86 |
| **5** | ജി.എച്ച്.എസ്. കേരളപുരം പുതിയ കെട്ടിടം | കിഫ്ബി പദ്ധതി | 2.10 |
| **6** | ആലുംമൂട് മത്സ്യമാർക്കറ്റ് | കിഫ്ബി പദ്ധതി | 1.678 |